### പതിനഞ്ചാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

## അഞ്ചാമത് റിപ്പോർട്ട്

**പതിനഞ്ചാം കേരളനിയമസഭ - പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭയ്ക്കകത്ത് നടന്ന സംഘർഷം -നിയമസഭാ ഹാളിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രവേശിക്കുന്നതിലുള്ള പ്രിവിലേജ് പ്രശ്നം - കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

**[പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി ബഹു. സ്പീക്കർക്ക് സമർപ്പിക്കുന്ന റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

## അഞ്ചാമത് റിപ്പോർട്ട്

പതിനഞ്ചാം കേരളനിയമസഭ - പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭയ്ക്കകത്ത് നടന്ന സംഘർഷം - നിയമസഭാ ഹാളിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രവേശിക്കുന്നതിലുള്ള പ്രിവിലേജ് പ്രശ്നം - കമ്മിറ്റിയുടെ റിപ്പോർട്ട് - സംബന്ധിച്ച്.

[പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
ബഹു. സ്പീക്കർക്ക് സമർപ്പിക്കുന്ന റിപ്പോർട്ട്]

240/2026.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി

# (2023-2026)

## ഘടന

<u>ചെയർപേഴ്സൺ</u> :

ശ്രീ. മുരളി പെരുനെല്ലി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. എച്ച് . സലാം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം. കെ. എസ് . , അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ, കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച് കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് ബഹു. സ്പീക്കർക്ക് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭയ്ക്കകത്ത് 13-3-2015-ൽ നടന്ന സംഘർഷത്തിൽ പൊതുമുതൽ നശിപ്പിച്ചതിനെതിരെയുള്ള അന്വേഷണത്തിനിടയിൽ മുൻ അംഗം ശ്രീമതി ഗീതാ ഗോപി, 15-11-2023-ന് മ്യൂസിയം പോലീസിനു മുമ്പാകെ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസിന്മേലുള്ള തുടർനടപടികൾക്കായി അന്വേഷണ ഉദ്യോഗസ്ഥർക്ക് നിയമസഭാ ഹാളിനുള്ളിൽ പ്രവേശിക്കുന്നതിനും അന്വേഷണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ചെയ്യുന്നതിലും അടങ്ങിയിരിക്കുന്ന പ്രിവിലേജ് പ്രശ്നം പരിശോധിച്ച് ചെയറിന് നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് ബഹു. സ്പീക്കർ റഫർ ചെയ്തിരുന്നു. പ്രസ്തുത വിഷയം പ്രിവിലേജസ് & എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 18-3-2025, 22-10-2025, 2-2-2026 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണനയ്ക്കെടുക്കുകയുണ്ടായി. മേൽവിഷയത്തിന്മേലുള്ള സമിതി തീരുമാനം ഉൾക്കൊള്ളിച്ച തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

തിരുവനന്തപുരം,
2026 ഫെബ്രുവരി 2.

മുരളി പെരുനെല്ലി
*ചെയർപേഴ്സൺ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി .*

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ 13-3-2015-ന് ബജറ്റ് അവതരണ വേളയിൽ നിയമസഭയ്ക്കകത്ത് നടന്ന സംഘർഷത്തിൽ പൊതുമുതൽ നശിപ്പിച്ചതിനെതിരെയുള്ള അന്വേഷണത്തിനിടയിൽ മുൻ അംഗം ശ്രീമതി ഗീതാ ഗോപി, 15-11-2023-ന് മ്യൂസിയം പോലീസിനു മുമ്പാകെ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസ് സംസ്ഥാന പോലീസ് മേധാവി, സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന് കൈമാറുകയും പ്രസ്തുത കേസന്വേഷണത്തിന്റെ ഭാഗമായി സഭാ ഹാളിനകത്ത് പ്രവേശിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായ ക്രൈംബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അന്വേഷണ ഉദ്യോഗസ്ഥർക്ക് നിയമസഭാ ഹാളിനുള്ളിൽ പ്രവേശിക്കുന്നതിലും അന്വേഷണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ചെയ്യുന്നതിലും അടങ്ങിയിരിക്കുന്ന പ്രിവിലേജ് പ്രശ്നം പരിശോധിച്ച് ചെയറിന് നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി വിഷയം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 8-5-2024 തീയതിയായി ബഹു. സ്പീക്കർ റഫർ ചെയ്തിരുന്നു.

പ്രിവിലേജസ് & എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ 18-3-2025, 22-10-2025, 2-2-2026 തീയതികളിലെ യോഗങ്ങളിൽ മേൽവിഷയം പരിഗണനയ്ക്കെടുക്കുകയും പരിശോധിക്കുകയും ചെയ്തു. 2-2-2026-നു ചേർന്ന യോഗം പ്രസ്തുത വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുകയും സമിതി തീരുമാനം ബഹു. സ്പീക്കർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

### കമ്മിറ്റിയുടെ തീരുമാനം

**പോലീസ് അന്വേഷണത്തിന്റെ ഭാഗമായി നിയമസഭാ ഹാളിനുള്ളിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രവേശിക്കുന്നതിനോട് പൊതുവായ തത്വം എന്ന നിലയിൽ കമ്മിറ്റിക്ക് യോജിപ്പില്ല. എന്നാൽ ആരോപിക്കപ്പെടുന്ന കുറ്റകൃത്യസ്ഥലം നിയമസഭയ്ക്കുള്ളിൽ ആയതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമനടപടികൾ പൂർത്തിയാക്കുന്നതിലേക്കായി അന്വേഷണ ഉദ്യോഗസ്ഥർ പ്രവേശിക്കണമെന്ന**

**കാര്യം അനിവാര്യമാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് ബോധ്യപ്പെടുന്നപക്ഷം അദ്ദേഹത്തിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ് എന്നുള്ള സമിതിയുടെ അഭിപ്രായം റിപ്പോർട്ട് ചെയ്യുന്നു.**

മുരളി പെരുനെല്ലി
*ചെയർപേഴ്സൺ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 2.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.